# The Heavenly Light Ministry

ലോകമാം ഗംഭീര വാരിധിയിൽ   വിശ്വാസക്കപ്പലിൽ ഓടിയിട്ട്
നിത്യവിടൊന്നുണ്ടവിടെയെത്തി കർത്തനോടുകൂടെ വിശ്രമിക്കും

യാത്രചെയ്യും ഞാൻ ക്രൂശെ നോക്കി
യുദ്ധം ചെയ്യും ഞാൻ യേശുവിന്നായ്
ജീവൻ വെച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും

കാലം കഴിയുന്നു നാൾകൾ പോയി
കർത്താവിൻ വരവു സമീപമായ്
മഹത്വ നാമത്തെ കീർത്തിപ്പാനായ്
ശക്തികരിക്ക നിന്നാത്മാവിനാൽ — യാത്ര

പൂർവ്വ പിതാക്കളാം അപ്പോസ്തേലർ
ദൂരവേ ദർശ്ശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണി ലാഭം
അന്യരെന്നെണ്ണി ഈ ലോകമതിൽ — യാത്ര

ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതിക്കൂലമായെന്നാലും — യാത്ര

ജീവനെന്നേശുവിൽ അർപ്പിച്ചിട്ട്
അക്കരെ നാട്ടിൽ ഞാനെത്തിടുമ്പോൾ
ശുദ്ധപളുങ്കിൻ കടൽതീരത്തിൽ
യേശുവിൻ പൊന്മുഖം മുത്തിടും ഞാൻ — യാത്ര

ലോകത്തിൻ ബാലത കോമളത്വം
വസ്തു വകകൾ പൊൻ നാണയങ്ങൾ
സ്ഥാനങ്ങൾ മാനങ്ങൾ നശ്വരമാം
മേലുന്നേരുശലേം നിത്യഗൃഹം — യാത്ര

ലാഭമായ് തീരും സമസ്തവും ഞാൻ
കാഴ്ചയായ്വെയ്ക്കുന്നു തൃപ്പാദത്തിൽ
അംഗം പ്രത്യംഗങ്ങൾ ഇന്ദ്രിയമേ
ദൈവനാമത്തിൻ പുകഴ്ചയ്ക്കായ് — യാത്ര

ലോകം ത്യജിച്ചതാം സിദ്ധന്മാരും
നിർമ്മല ജ്യോതിസ്സാം ദൂതന്മാരും
രക്തസാക്ഷികളാം സ്നേഹിതരും
സ്വാഗതം ചെയ്യും മഹൽ സദസ്സിൽ — യാത്ര

വീണ്ടെടുപ്പിൻ ഗാനം പാടി വാഴ്ത്തി
രക്ഷകനേശുവേ കുമ്പിടും ഞാൻ
കഷ്ടത തുഷ്ടിയായ് ആസ്വദിക്കും
സാധുക്കൾ മക്കൾക്കീ ഭാഗ്യം ലഭ്യം — യാത്ര